Rama Varmha Tampuran.—That, I think, is published along with the report of the Education Department. If not, that will also be included.

Resolution was, with leave, withdrawn.

3. Water Communication to Kunnamkulam.

Mr. K. T. Mathew.—"This Council recommends to take immediate steps for opening water communications to Kunnamkulam."

ഈ പ്രമേയം ഒരു പ്രത്യേക സ്ഥലത്തെ ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ളതാണെന്നുവരികിലും ഇതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ കുറിച്ചാലോചിക്കുന്നതായാൽ വളരെ പ്രധാനമായ ഒരു സംഗതിയാണ് ഇതു് എന്നുമനസ്സിലാകുന്നതാണു്. കൊച്ചിൻ ഹാർബർ ആവശ്യത്തിലേക്കായിട്ടു് വർഷം തോറും അനേകലക്ഷം രൂപാ ചിലവാക്കിവരുന്നുണ്ടു്. എന്നാൽ ഈ ഹാർബർ എറണാകുളത്തും, കൊച്ചിയിലും, തൃശ്ശൂരിലും താമസിയ്ക്കുന്നവർക്കു് ഉപയോഗപ്പെടുത്താമെന്നല്ലാതെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ താമസിക്കുന്നവർക്കു് ഉപയോഗപ്പെടുത്തുവാൻ സാധ്യത്തിയില്ല. മറ്റുള്ളവർക്കും കൂടി ഉപയോഗപ്പെടുത്തണമെങ്കിൽ ഇപ്പോൾ തിരുവിതാംകൂറിൽ കാണുന്നതുപോലെ എല്ലാസ്ഥലത്തെയ്ക്കും, പ്രത്യേകിച്ചും രാജ്യത്തിന്റെ എല്ലാ പ്രധാന പട്ടണങ്ങളിലേയ്ക്കും 'കനാൽ' തുറന്നു കൊടുക്കേണ്ടതു് അത്യാവശ്യമാണു്. അങ്ങിനെ ചെയ്താൽ മാത്രമേ ഉൾനാടുകളിലുണ്ടാകുന്ന സാമാനങ്ങൾ ചുരുങ്ങിയ ചിലവിനു് ഹാർബറിൽ കൊണ്ടുവന്നു് അതുവഴി മറുരാജ്യങ്ങളിലേയ്ക്കയയ്ക്കുവാൻ സാധിയ്ക്കുള്ളു. ഹാർബർകൊണ്ടു് രാജ്യത്തിനു ഗുണമുണ്ടാകണമെന്നുണ്ടെങ്കിൽ ഉൾനാടുകളിലുള്ള സാമാനങ്ങൾ ചുരുങ്ങിയചിലവുകൊണ്ടു് അവിടെകൊണ്ടുവരത്തക്കവണ്ണമുള്ള താത്കാലിക സൌകര്യങ്ങൾ ഉണ്ടായിരിയ്ക്കേണ്ടതു് അത്യാവശ്യമാണു് എന്നു ഇന്ത്യാ ഗവൈസ്രായിയായിരുന്ന ലോർഡ് ഇർവിൻ കൊച്ചി സന്ദർശിച്ചപ്പോൾ പ്രസ്താവിച്ചിട്ടുള്ളതു് നമ്മുടെ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിയ്ക്കേണ്ടതാണു്. അതുപോലെതന്നെ തുറമുഖത്തിൽ വരുന്ന സാമാനങ്ങൾ കുറഞ്ഞനിരക്കിനു് ഉൾനാടുകളിലേയ്ക്കു കൊണ്ടുപോകുവാനുള്ള സൌകര്യങ്ങളുണ്ടായിരിയ്ക്കണം എന്നാൽ നമ്മുടെ ഗവർമ്മെൻറു് ഈ കാര്യത്തിൽ ഇതുവരെ പ്രത്യേകമായിയാതൊന്നും ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. റെയിൽവെ ഇപ്പോഴത്തെതിലും കുറച്ചു വീതികൂട്ടുവാൻ ഉള്ള ശ്രമം ചെയ്തുവരുന്നുണ്ടു്. അതുപോലെ കനാൽ മാത്രമായിട്ടു് ഉൾനാടുകളിലേയ്ക്കു ചുരുങ്ങിയചിലവിന്മേൽ സാമാനങ്ങൾ കൊണ്ടുപോകുന്നതിനും അവിടെനിന്നു കൊണ്ടുവരുന്നതിനും സൌകര്യം ഉണ്ടാക്കികൊടുക്കാത്തപക്ഷം, ലക്ഷം ലക്ഷം കണക്കിനു നാം ഹാർബറിനുവേണ്ടി ചിലവാകുന്ന പണം നമ്മുടെ രാജ്യത്തിനും ആളുകൾക്കും ഗുണകരമായിതീരുന്നതല്ല. കുന്നംകുളത്തെയ്ക്കു് ഒരു കനാലോ റെയിൽവേ-

LIBRARY ARCHIVES Kerala Legislative Assembly

യോ വച്ചുതരണമെന്നു കാണിച്ചു് അവിടത്തുകാർ പലപ്രാവശ്യവും ഗവമ്മെൻറിലേയ്ക്കു് മെമ്മോറിയൽ അയച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ഗവമ്മെൻറിൽനിന്നും സ്ഥലം പരിശോധിക്കയും ഒരു കനാൽ ഉണ്ടാക്കിത്തരാമെന്നു് വാഗ്ദാനം ചെയ്കയുമുണ്ടായിട്ടുണ്ടു്. എന്നാൽ പ്രസ്തുത സംഗതിയെപ്പറ്റി നിയമസഭയിൽ ചോദിയ്ക്കുമ്പോഴെല്ലാം ബ്രിട്ടീഷിലുള്ള കുറച്ചുസ്ഥലംകൂടി ആവശ്യമുള്ളതുകൊണ്ടു് അതുസംബന്ധിച്ചു് ബ്രിട്ടീഷു ഗവമ്മെൻറുമായി എഴുത്തുകുത്തു നടത്തുന്നുവെന്നാണു് മറുപടി പറയുന്നതു്. ഈ സംഗതിയെക്കുറിച്ചു് മദ്രാസു് ഗവമ്മെൻറിലേയ്ക്കെഴുതി ചോദിച്ചതിനു് ആ ഗവമ്മെൻറിൽ നിന്നും മറുപടി കിട്ടിയതായി എനിയ്ക്കറിവുണ്ടു്. അവർ പറഞ്ഞിട്ടുള്ള മറുപടി ഉപ്പുവെള്ളം കയറി കൃഷി ദോഷപ്പെടാതിരിയ്ക്കത്തക്കവണ്ണം എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ ഞങ്ങൾ ഈ കാര്യത്തെ പറ്റി ആലോചിക്കാം എന്നാണു്. ആ മറുപടി വന്നയുടനെതന്നെ ഞാൻ ഈ സംഗതിയെപ്പറ്റി ഗവമ്മെൻറിലേയ്ക്കു് എഴുതിയിരുന്നു. ഉപ്പുവെള്ളത്തെ തടയുന്നതിനു് എഞ്ചിനീയർമാർ വിചാരിച്ചാൽ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കുന്നതിനു് അസാദ്ധ്യമല്ല. ആസ്ഥിതിയ്ക്കു് ഈ സംഗതി നമ്മുടെ എഞ്ചിനീയർമാർക്കും, ആവശ്യമെങ്കിൽ മറ്റു് എഞ്ചിനീയർമാർക്കും റഫർ ചെയ്തു് എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിച്ചു് ഉപ്പുവെള്ളം കയറുന്നതു് തടയണമെന്നും, ആ മാർഗ്ഗം എന്താണെന്നും ഉടൻതന്നെ ബ്രിട്ടീഷ് ഗവമ്മെൻറിലേയ്ക്കെഴുതിയയച്ചു് അവരുടെ സമ്മതം വാങ്ങി പ്രവൃത്തി തുടങ്ങേണ്ടതാണെന്നുമാണു് എന്റെ കത്തിലെ ചുരുക്കം. അതനുസരിച്ചു് ഗവമ്മെൻറ് ചീഫ് എഞ്ചിനീയരോടു് ഒരു സ്കീം തയ്യാറാക്കി സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം സ്കീം തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ടു്. ആ സ്കീം ഉടൻതന്നെ ബ്രിട്ടീഷ് ഗവമ്മെൻറിലേയ്ക്കു് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ അതു് ഇതുവരെ ചെയ്തിട്ടില്ലെന്നാണു് അറിയുന്നതു്. ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ ഉടനെ പതിയേണ്ടതാണു്. ബ്രിട്ടീഷ് ഗവമ്മെണ്ടിന്റെ സമ്മതം വരുത്തി, ഇതിലേയ്ക്കു വേണ്ടുപണം ബഡ്ജറ്റിൽ ഉടനെ ചേർക്കണമെന്നു് ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. കുന്നംകുളം പട്ടണം കൊല്ലം കഴിയുന്തോറും ക്ഷയിച്ചാണു് വരുന്നതു്. ഫസ്ലി—ഫസ്ലി എന്നീ കൊല്ലങ്ങളിലെ സെൻസസ് റിപ്പോർട്ടുകളെടുത്തു നോക്കിയാൽ ആ ൧൦ കൊല്ലത്തിനിടക്കു് കുന്നംകുളം പട്ടണത്തിൽ ജനസംഖ്യ അതിക്രമമായി വർദ്ധിച്ചിട്ടില്ലെന്നു കാണാവുന്നതാണു്. ഫസ്ലി-ൽ കുന്നംകുളം പട്ടണത്തിലെ ജനസംഖ്യ വന്നതു് ആണു്. ഫസ്ലി-ൽ വീടുകളുടെ നമ്പരാണു്. അതായതു് ഫസ്ലി മുതൽ ഫസ്ലി വരെ പത്തു കൊല്ലത്തിനിടയ്ക്കു് ൨൫ പേർ മാത്രമാണു് കൂടിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു തുലോം തുച്ഛമായവിധമായാണ്." കൊച്ചി സംസ്ഥാനത്ത് മറ്റു സ്ഥലങ്ങളിലെല്ലാം അതു പത്തു കൊല്ലത്തിനകത്ത് ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്. ഫർഫറ-നേക്കാൾ ഫർന്ഫറ-ൽ ജനസംഖ്യ അല്പം കൂടിയിട്ടുണ്ട്. അതിനുള്ള കാരണം പട്ടണത്തിന്റെ അതിരുകൾക്കുള്ളിൽ വിസ്താരപ്പെടുത്തിയതാണ്. ജലമാർഗ്ഗമായോ റയിൽ മാർഗ്ഗമായോ കച്ചവടത്തിനു വേണ്ട സൌകര്യമില്ലാത്തതിനാൽ കുന്നംകുളത്തിനു പലരും കച്ചവട സൌകര്യത്തിനായി പട്ടണം വിട്ട് ചാവക്കാട്, ഗുരുവായൂർ മുതലായ സ്ഥലങ്ങളിലേയ്ക്കു മാറി താമസിക്കുകയാണു ചെയ്യുന്നത്. അതിനാലാണ് കുന്നംകുളം പട്ടണത്തിലെ ജനസംഖ്യ വർദ്ധിക്കാതെ കാണുന്നത്. അവിടെ ഉണ്ടാകുന്നതും ഉണ്ടാക്കുന്നതുമായ സാമാനങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനായി മറ്റുസ്ഥലങ്ങളിലേക്കു കൊണ്ടു പോകുന്നതിനു കനാൽ സൌകര്യമില്ലാത്തതുകൊണ്ട് അവിടത്തെ കച്ചവടവും വ്യവസായവും കൊല്ലം തോറും ക്ഷയിച്ചു ക്ഷയിച്ചുവരുന്നു.

Mr. C. A. Ouseph.—Is birth control practised there?

Mr. K. T. Mathew.—I don't know. The Member may go and enquire if he is so much interested in it.

ഇങ്ങനെ കൊച്ചി രാജ്യത്തിലെ ഒരു പ്രധാന പട്ടണവും ഒരു കാലത്തു തലപ്പള്ളി താലൂക്കിന്റെ തലസ്ഥാനവും ആയിരുന്ന കുന്നംകുളം നശിക്കയും, അതോടുകൂടി ചാവക്കാട്, ഗുരുവായൂർ മുതലായസ്ഥലങ്ങൾ കച്ചവടത്തിലും വ്യവസായത്തിലും അഭിവൃദ്ധിപ്പെട്ടുവരുകയും, അവിടെയുള്ള ജനസംഖ്യ വർദ്ധിക്കുകയും ചെയ്യുന്നു. ഇങ്ങനെ കുറെ വർഷവും കൂടി കഴിഞ്ഞാൽ കുന്നംകുളം നാമാവശേഷമായി തീരുന്നതുമായിരിക്കാം. അതിനാൽ ഗവർമ്മെണ്ടിനു് കുന്നംകുളം പട്ടണം നിലനിറുത്തണമെന്നുദ്ദേശമുണ്ടെങ്കിൽ, കനാൽ ഉണ്ടാക്കേണ്ട സംഗതിയെപ്പറ്റി ഇനിയും ആലോചിച്ചാലോചിച്ചു സമയം കളയാതെ ഉടനെതന്നെ വേണ്ടതു പ്രവൃത്തിക്കേണ്ടതു് അത്യാവശ്യമാണെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു. കുന്നംകുളം, പഴഞ്ഞി മുതലായ സ്ഥലങ്ങളിൽ നിന്നു് അനേകായിരം രൂപയ്ക്കു വർഷംതോറും അടയ്ക്കുന്ന, അണ്ടി മുതലായവ ബാംഗ്ലൂർ, തൃശ്ശിനാപ്പള്ളി മുതലായ സ്ഥലങ്ങളിലേയ്ക്കു് ഷോറണ്ണൂർ, പട്ടാമ്പി വഴിയായി റയിൽവെ മാർഗ്ഗമായി വളരെ അധികം കൂലികൊടുത്തു കയറ്റി അയക്കുന്നുണ്ട്. കുന്നംകുളത്തേയ്ക്കു് ഒരു കനാൽ ഉണ്ടാക്കി കിട്ടിയാൽ ചുരുങ്ങിയ ചിലവിനേൽ ഇവയെല്ലാം കൊച്ചിയിൽ കൊണ്ടുപോയി അവിടെനിന്നു കപ്പൽമാർഗ്ഗം ബാമ്പെ മുതലായ വലിയ പട്ടണങ്ങളിലേയ്ക്കു് അയക്കുന്നതിനും അവിടെ അധികവിലയ്ക്കു വിൽക്കുന്നതിനും സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു മൂലമുണ്ടാകുന്ന ഗുണങ്ങൾ പലതാണു്. അടയ്ക്കുയ്ക്കും അണ്ടിയ്ക്കും മറ്റും അധികവിലകിട്ടുന്നതു് കൃഷിക്കാർക്കു വലിയ ലക്ഷ്യമായിരിക്കും. അതിനുംപുറമെ കച്ചവടത്തിനു് അഭിവൃദ്ധിയുമുണ്ടാകും. ഗവൺമെൻറിലേക്കുള്ള വരവും വർദ്ധിക്കും.

കനാംകളുണ്ടാക്കുകനാൽ തുറക്കുന്നതിനു് ഗവൺമെൻറു് അനുവദിച്ചിട്ടുള്ളതിനാൽ, ഇനിയും അധികസമയം കളയാതെ, മതിയാംവണ്ണമായിട്ടുള്ള എഴുത്തുകുത്തു വേഗത്തിൽ അവസാനിപ്പിക്കയും; അടുത്ത വർഷത്തെ ബഡ്ജറ്റിൽതന്നെ ഇതിനു് ആവശ്യമായ മുഴുവൻ സംഖ്യയില്ലെങ്കിലും അതിൻെറ ഒരു ഭാഗമെങ്കിലും ചേർക്കയും വേണമെന്നു് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

Mr. K. M. Ibrahim.—I second it.

Mr. V. K. Aravindaksha Menon.—The canal referred to in this resolution will be about 3 miles and 7 furlongs in length. Of this 3 miles and one furlong will be in the British territory and 6 furlongs in the Cochin portion. The cost of constructing this canal was roughly estimated at Rs. 75,000 of which Rs. 60,000 have to be spent by the British Government and Rs. 15,000 by Cochin. The Madras Government was referred to in this connection and they wrote to say that the cost of the work is very high and that they will not be prepared to take up this work. They also said that if this work is to be executed, there is the danger of salt water entering the paddy fields, through which it passes. Government asked me to propose measures by which this evil of salt water could be avoided and I have submitted a proposal.

Mr. K. T. Mathew.—The Agent to the Governor-General writes to say that the Madras Government are not prepared to spend much. In this Council the Government have admitted that they would pay a certain portion of the amount to be incurred on this item of work. There is a reply given to me by the Hon'ble Chief Engineer that our Government would contribute a part of the amount which the Madras Government would have to spend, in view of the fact that by opening this canal the importance of Chowghat and Guruvayur would dwindle and the importance of Kunnamkulam would increase.

Mr. V. K. Aravindaksha Menon.—The Member stated that I made a statement. I might have said that a moiety could be paid for the work. But I am not sure whether we can pay more than what the British Government will spend on it. Anyway the Government have now ordered that the scheme, as prepared by me, will again be referred to the Madras Government for their approval. If a favourable reply is received from the Madras Government, we may be able to take up this scheme.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. T. Mathew.—May I know when was the scheme submitted by you?

Mr. V. K. Aravindaksha Menon.—On 9th August 1932.

Mr. K. T. Mathew.—In the last 6 months did not the Government find sufficient time to refer this matter to the Madras Government or have the Government already made the reference?

Mr. V. K. Aravindaksha Menon.—This Government have not yet addressed the Madras Government.

Mr. K. T. Mathew.—Will it be done soon?

Mr. V. K. Aravindaksha Menon.—Government have now ordered that they will address the Madras Government.

Mr. K. T. Mathew.—I do not press this motion, because it is a matter which the Government have sanctioned.

Resolution was, with leave, withdrawn.

4. Assessment for double crops on single crop lands.

Mr. T. A. Ramachandra Ayyar.—*This Council recommends that the assessment levied for double crops on lands assigned as single crops may be remitted this year in view of the economic depression and the low price of paddy.*" ഇതാണ് എന്റെ പ്രമേയം.

ഈ രണ്ടാം വിളവുനികുതി പിരിക്കുന്നതു ഒരു നീതിയാണെന്നുള്ള വിഷയത്തെപ്പറ്റി രണ്ടു പ്രമേയങ്ങളും ഈ Council-ൽ അവതരിപ്പിക്കുകയും രണ്ടു പ്രാവശ്യവും ഭൂരിപക്ഷപ്രകാരം അതു പാസാവുകയും ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്കു ഈ വിഷയത്തെപ്പറ്റി ഇവിടെ വലിയ പ്രസംഗമൊന്നും ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇക്കൊല്ലം ഈ രണ്ടാംവിളവുനികുതി വിട്ടുകിട്ടണമെന്നു പറയാൻ പ്രത്യേക കാരണങ്ങളുമുണ്ട്. നെല്ലിന്റെ വില വളരെ ചുരുങ്ങിയിട്ടുണ്ടെന്നുള്ളതും, അതു നിമിത്തം ജനങ്ങൾക്കു വലിയ ക്ഷാമം ബാധിച്ചിട്ടുണ്ടെന്നുള്ളതും എല്ലാവരും സമ്മതിക്കുന്ന ഒരു വിഷയമാണ്. ഈ രണ്ടാം വിളവു നികുതി പിരിക്കുന്നതുകൊണ്ടുള്ള ദോഷം ആരെയാണ് അധികം ബാധിക്കുന്നതു് എന്നാണ് ഇനി നോക്കുവാനുള്ളതു്. സാധുക്കളായ കുടിയാന്മാരെയാണ് ഇതു ബാധിക്കുന്നതു്. രണ്ടാംവിളവ് ഇറക്കിയെന്നുള്ള നോട്ടീസു് സാധാരണ അയയ്ക്കുന്നതു ജന്മികൾക്കാണ്. ഇതിനൊരു ഉദാഹരണം പറയാം. ചേന്ദമംഗലത്തുനിന്നും ഇരുവട്ടം, മുപ്പതു നാഴിക അകലെയാണ് പാലിയത്തെ വക വസ്തുക്കൾ കിടക്കുന്നതു്. അവിടെ മിക്കവസ്തുക്കളിലും വിളവു ഇറക്കിയിട്ടുണ്ടെങ്കിലും ഇറക്കാത്ത വിളവിനും കൂടി ചേർത്താണ് ജന്മികൾക്ക് നോട്ടീസയയ്ക്കുന്നതു്. എന്നാൽ ഈ നോട്ടീസു് വന്നിട്ടുള്ള വിവരം കുടിയാന്മാർ അറിയുന്നില്ല. ജന്മികൾക്കു നോട്ടീസു് കിട്ടി

LIBRARY ARCHIVES Kerala Legislative Assembly